# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കപ്പൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**

**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി പി 20/985/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 22/08/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കപ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി പി 20/985/2024 തീയ്യതി: 22/08/2024

## പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-11-2023 മുതൽ 20-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി.പി.ഷോബി | ഡെപ്യൂട്ടി ഡയറക്ടർ | 21-06-2024 | 29-06-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-06-2024 | 29-06-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1) ശ്രീ രാമകൃഷ്ണൻ.കെപി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
2) ശ്രീമതി ഷീജ.വി.ആർ സീനിയർ ഗ്രേഡ് ഓഡിറ്റർ
3) ശ്രീ മുഹമ്മദ് ഹിഷാം.എം സീനിയർ ഗ്രേഡ് ഓഡിറ്റർ
4) ശ്രീ.സന്ദീപ്. കെ.വി ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷറഫുദീൻ.കെ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി.ബിജുമോൾ.എം | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജിഷ.എം.വി | അസി.എഞ്ചിനീയർ | 01-04-2023 | 13-09-2023 |

| | | | |
|---|---|---|---|
| ശ്രീ മുഹമ്മദ് മുബാരിസ് | അസി.എഞ്ചിനീയർ | 14-09-2023 | 31-03-2024 |
| ശ്രീമതി.ഷഹ്ന ഹംസ.എൻ.എച്ച് | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.ബാലൻ ഇ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ.കൃഷ്ണദാസ്.പി.കെ | മെഡിക്കൽ ഓഫീസർ,ആയൂർവേദം | 01-04-2023 | 18-08-2023 |
| ഡോ.അജിത്ത് കുമാർ | മെഡിക്കൽ ഓഫീസർ,ആയൂർവേദം | 19-08-2023 | 12-12-2023 |
| ഡോ.കൃഷ്ണദാസ്.പി.കെ | മെഡിക്കൽ ഓഫീസർ,ആയൂർവേദം | 13-12-2023 | 12-02-2024 |
| ഡോ.പ്രസീത പി.ജി | മെഡിക്കൽ ഓഫീസർ,ആയൂർവേദം | 13-02-2024 | 31-03-2024 |
| ഡോ.വിപിൻകിഷോർ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2023 | 31-03-2024 |
| ശ്രീമതി.ഷഹന.പി.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ദീപ്തി.ടി.ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി പ്രീത എൻ.കെ | അസി.സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീ.ദേവരാജ് പി | ഹെഡ് മാസ്റ്റർ | 01-04-2023 | 27-04-2023 |
| ശ്രീമതി വാസന്തി കെ പി | ഹെഡ് മിസ്ട്രസ് | 28-04-2023 | 31-12-2023 |
| ശ്രീമതി സതി എം | ഹെഡ് മിസ്ട്രസ് | 01-01-2024 | 31-03-2024 |
| ശ്രീ ശിവരാജ് ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-05-2023 |
| ശ്രീ സജി മോഹൻദാസ് എ കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-06-2023 | 10-07-2023 |
| ശ്രീ പ്രവീൺ എ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11-07-2023 | 26-08-2023 |
| ശ്രീമതി സുഷ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 27-08-2023 | 31-03-2024 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകത | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | BANK RECONCILIIATION STATEMENT ലെ പൊരുത്തക്കേട് | 1-1-4 |
| 6 | Capital Work In Progress 0 എന്ന് കാണിച്ചിട്ടുണ്ടെങ്കിലും പാർട്ട് ബിൽ ആയി 36017 /- രൂപ ചെലവഴിച്ചിരിക്കുന്നു | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമപദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം | 1-11 |
| 17 | ആയുർവേദ ഡിസ്പെൻസറിയിലേക്കുള്ള മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല | 1-12 |
| 18 | വാടക വരവിന്റെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ | 1-13 |
| 19 | കറവപശുക്കൾക്ക് കാലിത്തീറ്റവിതരണം | 1-14 |
| 20 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-15 |
| 21 | ഭവന പുനരുദ്ധാരണം പ്രോജക്ടുകൾ - ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-16 |
| 22 | ഡയാലിസിസ് സെന്ററിന് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-17 |
| 23 | ഫാമിലി ഹെൽത്ത് സെന്ററുകളിലേക്ക് ലാപ്ടോപ്പുകൾ വാങ്ങിക്കൽ- സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല | 1-18 |
| 24 | ഉപകരണങ്ങൽ വാങ്ങൽ- റണ്ണിംഗ് കോൺട്രാക്ട് രേഖകൾ ഹാജരാക്കേണ്ടതാണ് | 1-19 |
| 25 | സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണിച്ചർ ടെണ്ടർ കൂടാതെ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങി | 1-20 |
| 26 | ക്ലീൻ കേരള കമ്പനിക്ക് മാലിന്യത്തിന്റെ തുക നൽകൽ-അപാകത | 1-21 |
| 27 | ഹെഡ്മാസ്റ്റർ -പ്രോജക്ടുകൾ നിർവഹണം നടത്തിയില്ല | 1-22 |
| 28 | ഗുണഭോക്താക്കൾ ലൈഫ്ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 29 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-വകയിരുത്തിയ തുക അപര്യാപ്തം | 1-24 |
| 30 | തെരുവുവിളക്കുകളുടെ ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കേണ്ടതാണ് | 1-25 |
| 31 | വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-26 |
| 32 | ഭരണസമിതിയോഗങ്ങളുടെ മിനുട്സ് തയ്യാറാക്കി സമയബന്ധിതമായി അംഗീകരത്തിന് അയക്കുന്നില്ല | 1-27 |
| 33 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-28 |

| | | |
|---|---|---|
| 34 | ഐ.കെ.എം ന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-29 |
| 35 | ഗ്രാമ പഞ്ചായത്തിലേക്ക് പുതിയ വാഹനം വാങ്ങൽ - സംബന്ധിച്ച് | 1-30 |
| 36 | ഡെപ്പോസിറ്റ് പ്രവൃത്തി -വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-31 |
| 37 | എസ് എസ് കെ – കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-32 |
| 38 | മരാമത്ത് പ്രവൃത്തികൾ -എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം | 1-33 |
| 39 | ടേക് എ ബ്രേക് ശൗചാലയം -പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-34 |
| 40 | മരാമത്ത് പ്രവൃത്തികൾ - പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ് | 1-35 |
| 41 | മരാമത്ത് പ്രവൃത്തികൾ- പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല | 1-36 |
| 42 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ-പ്രവർത്തനാവലോകനം | 1-37 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകൾ- സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

**1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല**

**അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

**1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്**

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **8/1-09-05-24** കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **31-05-2024** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടുകൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ

ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തീയതി: 22-08-2024

ഡെപ്യൂട്ടി ഡയറക്ടർ

**1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകത**

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് **17330188.00** രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് **16998514.00** അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ആസ്തിരജിസ്റ്റർ ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്താൻ കഴിയുന്ന രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

**1-1-4 BANK RECONCILIIATION STATEMENT ലെ പൊരുത്തക്കേട്**

CANARA BANK HEALTH GRANT DIAGNOSTIC INFRA KUMARANELLUR (110042514737) അക്കൗണ്ടിൽ ബാലൻസ്ഷീറ്റ് B-15 ൽ 767138 രൂപയാണ് എന്നാൽ BANK RECONCILIATION STATEMENT ൽ 834562 രൂപയായാണ് രേഖപ്പെടുത്തിയിരിക്കുന്നത് വ്യത്യാസത്തിന്റെ കാരണം അറിയിക്കേണ്ടതാണ്.

**1-1-5 Capital Work In Progress 0 എന്ന് കാണിച്ചിട്ടുണ്ടെങ്കിലും പാർട്ട് ബിൽ ആയി 36017 /- രൂപ ചെലവഴിച്ചിരിക്കുന്നു**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 11 പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ നീക്കിയിരുപ്പ് തുക 0 ആണ്. എന്നാൽ പ്രോജക്ട് നം 240/24 പഞ്ചായത്ത് ഓഫീസ് പരിസരം കട്ടവിരിക്കൽ എന്ന പ്രവൃത്തിക്ക് 36017 രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. പാർട്ട് ബിൽ തുകകൾ Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

15.03.2023 തിയതിയിലെ തീരുമാനം 1 (1) നം. പ്രകാരം 2023-24 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾ ചുവടെ ചേർക്കുന്നു

| ഇനം | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 34374797.00 |
| വരവ് | 239646000.00 |
| ആകെ | 274020797.00 |
| ചെലവ് | 256305001.00 |
| നീക്കിയിരുപ്പ് | 17715796.00 |

22.01.2024 ലെ 10 നം. തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 28587000.00 രൂപ |
| വരവ് | 60488320.00 രൂപ |
| ആകെ | 89075320.00 രൂപ |
| ചെലവ് | 43158132.00 രൂപ |

| നീക്കിയിരിപ്പ് | 45917188.00 രൂപ |
|---|---|

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 20679751 | 20679751 | 19314531 | 1365220 |
| വികസന ഫണ്ട് –എസ്. സി.പി | 0 | 8695161 | 8695161 | 6644839 | 2050322 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 19104650 | 19104650 | 2071252 | 17033398 |
| മെയ്ന്റ നൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 7730000 | 7730000 | 2776569 | 4953431 |
| CFC-അൺ ടൈഡ് ഗ്രാന്റ്-New | 588747 | 3969454 | 4558201 | 855452 | 3702749 |
| CFC- ടൈഡ് ഗ്രാന്റ്-New | 5933546 | 2824000 | 8757546 | 1301190 | 7456356 |
| Health Grant-Diagnostic Infrastructure | 136713 | 1041265 | 1177978 | 410840 | 767138 |
| Health Grant-Conversion Of PHCs | 154995 | 429104 | 584099 | 285960 | 298139 |

### കേന്ദ്രാവിഷ്കൃതം

### എ) ICDS

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| ICDS | 1076782 | 2103342 | 3180124 | 912473 | 2267651 |

### ബി) തൊഴിലുറപ്പു പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3342 | 736430 | 739772 | 739772 | 0 |
| തൊഴിലാളി | 0 | 18929000.00 | 18929000.00 | 18929000.00 | 0 |

| | | | | | |
|---|---|---|---|---|---|
| കളുടെ വേതനം | | | | | |
| ആകെ | 3342 | 19665430.00 | 19668772.00 | 19668772.00 | 0 |

**സംസ്ഥാനാവിഷ്കൃതം**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 189087 | 0 | 189087 | 12000 | 177087 |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 315 | 143823714 | 120 | 50285842 | 195 | 38.09 |

അംഗീകാരം ലഭിച്ചതിൽ നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം 50%ത്തിൽ താഴെ മാത്രമാണ്. പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 12 | 6159567 | 4942372 | 80.24 |
| വെറ്ററിനറി സർജ്ജൻ | 12 | 8 | 4925840 | 2293804 | 46.57 |
| മെഡിക്കൽ ഓഫീസർ- CHC | 20 | 15 | 4731730 | 2617890 | 55.33 |
| മെഡിക്കൽ ആയുർവേദം | 7 | 4 | 1995000 | 1249031 | 62.61 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 21 | 10 | 15205935 | 6446566 | 42.40 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 17 | 10 | 30019621 | 11241000 | 37.45 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 10 | 6638900 | 5544414 | 83.51 |
| സെക്രട്ടറി | 45 | 15 | 9961290 | 7171968 | 72.00 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 157 | 32 | 60975231 | 6840938 | 11.22 |
| ഹെഡ് മാസ്റ്റർ | 6 | 0 | 940000 | 0 | 0 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 200000 | 200000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 3 | 2070600 | 1737859 | 83.93 |
| ആകെ | 315 | 120 | 143823714 | 50285842 | 34.96 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,342.00 | 736,430.00 | 739772.00 | 739772.00 | 0.00 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 18929000.00 | 18929000.00 | 18929000.00 | 0.00 |
| ആകെ | 3342.00 | 19665430.00 | 19668772.00 | 19,668,772.00 | 0.00 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1377600 | 115 |
| 2 | വിധവാ പെൻഷൻ | 14286800 | 1339 |
| 3 | വാർദ്ധക്യകാല പെൻഷൻ | 27820400 | 2685 |
| 4 | വികലാംഗ പെൻഷൻ | 3792800 | 352 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 780800 | 72 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2024 തീയ്യതിയിൽ 3.00pm സമയത്ത് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 27872/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്വങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്താനായിട്ടില്ല. കൂടാതെ പ്രൊക്യുർമെന്റ് നടപടിക്രമങ്ങൾ പാലിച്ച് വാങ്ങലുകൾ നടത്തുന്ന കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ട്.
ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

3/2009 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1997-98 മുതൽ 1999-2000 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ തീർപ്പാക്കുവാനില്ല.

പെർഫോമൻസ് ഓഡിറ്റ് 01/2023 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതര പരാമർശങ്ങൾ ഒന്നുമില്ല

**1-11 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം**

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക് 35 രൂപയും 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 50 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്താത്ത, 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള 06/89A, 15/10B എന്ന കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതിനാൽ നഷ്ടമുണ്ടാവുന്നു. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയി ക്കേണ്ട വസ്തുനികുതി | പ്രതിവർഷ നഷ്ടം |
|---|---|---|---|---|---|
| 1 | 06/89A | 219.43 | 219.43X35=7680.5<br>ഇളവ് = 768.5<br>മേഖല 10 %<br>768.5<br>വർദ്ധനവ് =20% വഴി<br>1536.01<br>BT=9316<br>LC=466<br>Total=9782 | 219.43 X 50=10971.5<br>ഇളവ് =1097.15<br>മേഘല 10%<br>1097.15<br>വർദ്ധനവ്= 20% വഴി<br>സൗകര്യം-20%= 2194.3<br>BT=12068.65<br>LC=603.43<br>Total=12672 | 2890 |
| 2 | 15/10 B | 179.64 | 179.64 X35=6287.4<br>ഇളവ്=10 %<br>628.74<br>വർദ്ധനവ്= ഇല്ല<br>BT=6240<br>LC=312<br>Total=6552 | 179.64 X 50=8982<br>ഇളവ്=10% 898.2<br>വർദ്ധനവ്=ഇല്ല<br>BT=8083.8<br>LC=404.19<br>Total=8487.99 | 1936 |

മേൽ പരാമർശിച്ച കെട്ടിടങ്ങൾ ശരിയായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

**1-12 ആയുർവേദ ഡിസ്പെൻസറിയിലേക്കുള്ള മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല**

മെഡിക്കൽ ഓഫീസർ ആയുർവേദ ഡിസ്പെൻസറി നിർവ്വഹണം നടത്തിയ മരുന്നു വാങ്ങൽ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 10/24 പ്രസവാനന്തര ശുശ്രൂഷ മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| അടങ്കൽ | 3,00,000/- വികസന ഫണ്ട് (പൊതു വിഭാഗം |

| | |
|---|---|
| | സാധാരണ വിഹിതം |
| ചെലവ് | 1,00,000/- |
| ബിൽ നം. തിയ്യതി | 14/24 തിയതി - 24.03.2024 1,00,000/-രൂപ. |

100000/-രൂപ. രൂപ The Pharmaceutical Corporation (IM) Kerala Limited ന്റെ അക്കൗണ്ടിലേക്ക് മുൻകൂർ നൽകിയിട്ടുണ്ട്. ലഭ്യമായ മരുന്നിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നമ്പർ | ലഭിച്ച മരുന്നിന്റെ വില (രൂപ) |
|---|---|
| 90341298 /31.03.2024 | 69858 |
| 90344797/ 31.05.24 | 17286 |
| **ആകെ** | **87144** |

12856 /- രൂപയുടെ മരുന്നുകൾ ഇനി ലഭിക്കാനുണ്ട്. അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിന് നല്കേണ്ടതാണ്.

**<u>1-13 വാടക വരവിന്റെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ</u>**

വാടക വരവിന്റെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ**താഴെ ചേർക്കുന്നു.**

**എ) ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ**

2023-24 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പ്രകാരം ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിലവിൽ വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളുടെ എണ്ണം 5 ആണ്.

വാർഷിക ധനകാര്യ പത്രിക പ്രകാരം ആകെ വരവ് 219921 രൂപയാണ്. B15 ഷെഡ്യൂൾ പ്രകാരം കൈവശക്കാർ കുടിശ്ശിക വരുത്തിയ തുക 9279 രൂപയാണ്.

കുടിശ്ശിക പിരിവിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

**ബി) ബൈലോ തയ്യാറാക്കിയിട്ടില്ല.**

കടമുറികൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് **ബൈലോ** തയ്യാറാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 256, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം നേടേണ്ടതാണ്.

AFS പ്രകാരം കുടിശ്ശിക തുക ഒഴിവാക്കാനുള്ള നിയമാനുസൃതമായ നടപടി സ്വീകരിച്ച് വരുന്നുണ്ടെന്നും ബൈലോ തയ്യാറാക്കി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം വാങ്ങുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് (നം.18/28.6.2024) മറുപടി നല്കിയിട്ടുണ്ട്.

നിയമാനുസൃത ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്ന് അംഗീകാരം വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട രേഖകളിൽ കുടിശ്ശിക തുകയുമായി ബന്ധപ്പെട്ട പൊരുത്തക്കേട് പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

**<u>1-14 കറവപശുക്കൾക്ക് കാലിത്തീറ്റവിതരണം</u>**

| | |
|---|---|
| പ്രോജക്ട് | 141/24കറവപശുക്കൾക്ക് കാലിത്തീറ്റവിതരണം **അടങ്കൽ-1625840** (വികസനഫണ്ട് -807920, ഗുണഭോക്തൃ വിഹിതം |

| | |
|---|---|
| | 817920)<br>**ചെലവ്-1533760**<br>(വികസനഫണ്ട് -763200, ഗുണഭോക്തൃ വിഹിതം 770560) |
| ചെലവ്-സാംക്ഷൻ ഓർഡർ നം. | <u>ഗുണഭോക്തൃവിഹിതം</u><br>245/19.1.24 – 176080<br>236/28.2.24 – 176340<br>219/1.1.24 – 177500<br>386/21.3.24 – 7360<br>395/21.3.24 – 116640<br>352/16.3.24 - 116640<br>ആകെ ഗുണഭോക്തൃ വിഹിതം -770560<br><u>വികസനഫണ്ട്</u><br>218/1.1.24 – 177500<br>425/23.3.24 – 116640<br>424/23.3.24 – 116640<br>423/23.3.24 – 176340<br>242/19.1.24 – 176080<br>ആകെ വികസനഫണ്ട് -763200 |

284 ക്ഷീരകർഷകർക്ക് 4 ചാക്ക് കാലിത്തീറ്റ (50 കിലോയുടെ ബാഗ് ) വീതം വിതരണം ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. കേരള ഫീഡ്സിന്റെ മിടുക്കി കാലിത്തീറ്റ 1060 ബാഗ് (50 കിലോയുടെ ബാഗ് ഒന്നിന് 1440 രൂപ) ആണ് പ്രോജക്ടിലൂടെ വിവിധ ഘട്ടങ്ങളിലായി വാങ്ങി 265 ക്ഷീരകർഷകർക്ക്( 4 ചാക്ക് വീതം) വിതരണം ചെയ്തതിട്ടുള്ളത്.

പദ്ധതി നടത്തിപ്പിൽ സംഭവിച്ച അപാകതകൾ ചുവടെചേർക്കുന്നു.

1. കേരള ഫീഡ്സിന്റെ വിവിധ ഇൻവോയിസുകൾ പ്രകാരം ആകെ 1526400 രൂപയാണ് ആകെ ഇറക്കിയ 1060 ബാഗ് കാലിത്തീറ്റയുടെ യഥാർത്ഥ വില (1060X1440=1526400). എന്നാൽ പ്രോജക്ട് പ്രകാരം ആകെ 1533760 രൂപ കമ്പനിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.(അധികം നൽകിയത്- 7360 രൂപ.)

2.കാലിത്തീറ്റ വിതരണ രജിസ്റ്ററിൽ ഗുണഭോക്താക്കൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

3. കേരള ഫീഡ്സ് മാർക്കറ്റിംഗ് മാനേജറുടെ KFL/430/ 99(iii)/ 6667/2023 നമ്പർ കത്ത് പ്രകാരം കാലിത്തീറ്റ ചാക്കൊന്നിന് കൈകാര്യ ചെലവിനത്തിൽ 30 രൂപ അനുവദിക്കുമെന്ന് അറിയിച്ചിരുന്നു. ആയത് പ്രകാരം കൈകാര്യ ചെലവിനത്തിൽ കേരള ഫീഡ്സിൽ നിന്നും ലഭ്യമാക്കേണ്ട 31800 രൂപ ( 1060x30= 31800) തിരികെ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/28.6.2024 ) അധികമായി നൽകിയ 7360 രൂപ കമ്പനിയുടെ അക്കൗണ്ടിൽ നിന്നും 24.6.2024 തീയതിയിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് ലഭിച്ചിട്ടുണ്ട് എന്നു മറുപടി ലഭ്യമാക്കി പ്രസ്തുത ക്രെഡിറ്റ് സ്ലിപ്പ് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. വിതരണ രജിസ്റ്ററിൽ ഗുണഭോക്താക്കൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല, അക്കാര്യത്തിൽ തെറ്റുപറ്റിയിട്ടുണ്ട് ഭാവിയിൽ ശരിയായ രീതിയിൽ ചെയ്തുകൊള്ളാം എന്നും മറുപടി നൽകിയിട്ടുണ്ട് (ക്രമം നമ്പർ 2 അപാകതക്ക്). കൈകാര്യ ചെലവിനത്തിൽ ലഭ്യമാക്കേണ്ട 31,800 രൂപ തിരികെ ലഭ്യമാക്കുന്നതിന് കേരള ഫീഡ്സിന് കത്ത് നൽകിയിട്ടുണ്ട് എന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

വിതരണ രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ ഒപ്പ് ലഭ്യമാക്കുകയും കൈകാര്യ ചെലവിനത്തിൽ ലഭ്യമാക്കേണ്ട തുക ലഭ്യമാക്കുകയും ചെയ്തു ഓഡിറ്റിന് മറുപടി സമർപ്പിക്കേണ്ടതാണ്.

**1-15 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-അപാകതകൾ പരിഹരിക്കേണ്ടതാണ്**

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിന് താഴെ പറയുന്നപ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| 1. | |
| പ്രോജക്ട് | 319/24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| അടങ്കൽ | 1184585 (വികസനഫണ്ട് ജനറൽ-884585,ബ്ലോക്ക് -300000) |
| ചെലവ് | 1084585 (വികസനഫണ്ട് ജനറൽ-884585,ബ്ലോക്ക് -200000)<br>ഗുണഭോക്താക്കൾ-51 |
| ബിൽ നം./സാംക്ഷൻ ഓർഡർ | 429/24.3.24 - 338985<br>426/23.3.24 - 55500<br>292/14.2.24 - 53800<br>147/16.11.23 - 436300<br>110/6.10.23 - 200000 |
| 2. | |
| പ്രോജക്ട് | 315/24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -(എസ് .സി. പി) |
| അടങ്കൽ | 1264000 (വികസനഫണ്ട് 100000,ബ്ലോക്ക് -25000,തനത് ഫണ്ട് 1400) |
| ചെലവ് | 101400 വികസനഫണ്ട് -എസ് .സി. പി (വികസനഫണ്ട് 100000, തനത് ഫണ്ട് 1400)<br>ഗുണഭോക്താക്കൾ-51 |
| ബിൽ നം./സാംക്ഷൻ ഓർഡർ | 144/14.11.23 – 66200<br>355/16.3.24 – 33800<br>തനത്ഫണ്ട് – 1400 |

മേൽ രണ്ട് പ്രോജക്ടുകളിലൂടെ ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ധനസഹായം/സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. നിർവഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തി.

1. സ്കോളർഷിപ്പ് സംബന്ധിച്ച് അർഹരായ കുട്ടികളുടെ പേര്, പഠിക്കുന്ന ക്ലാസ്, വൈകല്യം, അർഹമായ ധനസഹായം, വിവിധ ബില്ലുകൾ പ്രകാരം നൽകിയ ധനസഹായം, ബിൽ നം.,തിയതി തുടങ്ങിയ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.പ്രസ്തുത വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കാത്തത് മൂലം പതിനാലാം പഞ്ചവത്സര പദ്ധതി സർക്കാർ ഉത്തരവ്(കൈ)115/2022/തസ്വഭവ പ്രകാരമുള്ള സബ്സിഡി,ധനസഹായം,അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം അനുവദിക്കാവുന്ന പരമാവധി ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനു സാധ്യമായിട്ടില്ല.

2. രണ്ട് പ്രോജക്ടുകളിലും വകയിരുത്തിയ ബ്ലോക്ക് പഞ്ചായത്ത് വിഹിതം പൂർണമായും ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല.

3.പതിനാലാം പഞ്ചവത്സര പദ്ധതി-സർക്കാർ ഉത്തരവ്(കൈ)115/2022/തസ്വഭവ പ്രകാരമുള്ള സബ്സിഡി,ധനസഹായം,അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക7.1.1 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഭിന്നശേഷിക്കാരുടെ ഒരു ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനു നിർദ്ദേശിച്ചിട്ടുണ്ട്.അപ്രകാരം ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.16/28.6.2024) മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-16 ഭവന പുനരുദ്ധാരണം പ്രോജക്ടുകൾ - ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല**

| | |
|---|---|
| പ്രോജക്ട് | 277/24 വീട് വാസയോഗ്യമാക്കൽ- ജനറൽ (സ്പിൽ ഓവർ) |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 287500( വികസനഫണ്ട് ജനറൽ-192000,തനത് ഫണ്ട്-95500) |
| ചെലവ് | 225000( വികസനഫണ്ട് ജനറൽ-129500,തനത് ഫണ്ട്-95500) |
| ബിൽ നം./സാംക്ഷൻ ഓർഡർ | 5/25.11.23 – 37500<br>4/5.10.23 – 75000<br>2/5.9.23 – 12500<br>13/18.1.24 – 4500<br>124/21.10.23 – 12500<br>122/21.1.23 – 25000<br>166/6.12.23 – 25000<br>232/16.1.24 -27500<br>522/27.3.24 – 5500 |

**2.**

| | |
|---|---|
| പ്രോജക്ട് | 263/24 വീട് വാസയോഗ്യമാക്കൽ- (എസ് .സി.പി) |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 620000 വികസനഫണ്ട് (എസ് .സി.പി) |
| ചെലവ് | 310,000വികസനഫണ്ട് (എസ് .സി.പി) |
| ബിൽ നം./സാംക്ഷൻ ഓർഡർ | 1/5.10.23 – 10000<br>4/25.11.23 – 40000<br>2/18.10.23 -20000<br>6/25.11.23 -15000<br>283/13.2.24 – 20000<br>29/20.6.23 – 165000<br>117/21.10.23 – 40000 |

3.

| | |
|---|---|
| പ്രോജക്ട് | 55/24 വീട് അറ്റകുറ്റപണി (എസ് .സി) |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 2040000 വികസനഫണ്ട് (എസ് .സി.പി) |
| ചെലവ് | 1040000വികസനഫണ്ട് (എസ് .സി.പി) |
| ബിൽ നം./സാംക്ഷൻ ഓർഡർ | 12/3.2.24 – 220000<br>16/22.2.24 – 200000<br>17/22.2.24 – 100000<br>19/6.3.24 – 160000<br>20/6.3.24 – 180000<br>21/19.3.24 – 40000<br>25/19.3.24 – 120000<br>23/19.3.24 – 20000 |

4.

| | |
|---|---|
| പ്രോജക്ട് | 62/24 വീട് വാസയോഗ്യമാക്കൽ-(ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 1800000 വികസനഫണ്ട് |
| ചെലവ് | 1262500വികസനഫണ്ട് |
| ബിൽ നം./സാംക്ഷൻ ഓർഡർ | 19/3.2.24 – 87500<br>20/3.2.24 – 87500<br>21/3.2.24 – 87500<br>22/3.2.24 – 87500<br>23/3.2.24 – 87500<br>24/3.2.24 – 25000<br>27/3.2.24 – 87500<br>29/3.2.24 – 37500<br>32/22.2.24 – 50000<br>28/22.2.24 – 87500<br>36/25.3.24-112500<br>37/25.3.24 – 75000<br>38/25.3.24 – 75000<br>34/22.2.24 – 275000 |

മേൽ പ്രകാരമുള്ള ഭവന പുനരുദ്ധാരണ/ റിപ്പയർ പ്രോജക്ടുകളിൽ ഉൾപ്പെട്ട ഏതാനും

ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണത്തിനായി ഒന്നാം ഗഡു കൈപ്പറ്റി ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എന്ന് കണ്ടെത്തി.പ്രോജക്ട് ഫയലുകൾ,രജിസ്റ്ററുകൾ എന്നിവ പ്രകാരം ഭവന പുനരുദ്ധാരണ പ്രവർത്തികൾ ഇനിയും പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**277/24 വീട് വാസയോഗ്യമാക്കൽ-ജനറൽ**

| ക്രമ നം. | ഗുണഭോക്താവ് | വാർഡ് | ആദ്യ ഗഡു കൈപറ്റിയത് (12500) |
|---|---|---|---|
| 1. | ഹൈദർ | 6 | 21.10.23 |

**55/24 വീട് അറ്റകുറ്റപണി എസ്സി 2023-24**

| ക്രമ നം. | ഗുണഭോക്താവ് | വാർഡ് | ആദ്യ ഗഡു കൈപറ്റിയത് (20000) |
|---|---|---|---|
| 1 | രമണി | 2 | 6.3.24 |
| 2 | വേലായുധൻ | 1 | 27.1.24 |
| 3 | തങ്ക | - | 27.1.24 |
| 4 | ഉഷ | - | 27.1.24 |
| 5 | സരോജിനി | - | 27.1.24 |
| 6 | സുബ്രമണ്യൻ | - | 27.1.24 |
| 7 | കുമാരൻ | - | 27.1.24 |
| 8 | വേലായുധൻ | - | 27.1.24 |

**62/24 വീട് വാസയോഗ്യമാക്കൽ-ജനറൽ**

| ക്രമ നം. | ഗുണഭോക്താവ് | വാർഡ് | ആദ്യ ഗഡു കൈപറ്റിയത് (20000) |
|---|---|---|---|
| 1 | സരസ്വതി | 14 | 1.2.24 |
| 2 | വീരാവുണ്ണി | 4 | 21.2.24 |
| 3 | പുഷ്പാവതി | 6 | 25.3.24 |
| 4 | ശാരദ | 11 | 1.2.24 |
| 5 | റഫീഖ് | 6 | 1.2.24 |
| 6 | സലീന | 11 | 1.2.24 |
| 7 | ഗോപാലകൃഷ്ണൻ | 4 | 1.2.24 |
| 8 | ലീല | 2 | 1.2.24 |
| 9 | ലീല | 6 | 25.3.24 |
| 10 | യാഹു | 2 | 25.3.24 |
| 11 | ആമിന | 17 | 21.2.24 |
| 12 | കാളി | 15 | 21.2.24 |
| 13 | ഫാത്തിമ | 3 | 21.2.24 |
| 14 | ആയിഷ | 15 | 21.2.24 |
| 15 | നന്ദകുമാർ | 4 | 21.2.24 |
| 16 | മുഹമ്മദാലി | 1 | 21.2.24 |
| 17 | ജംഷിയ | 4 | 21.2.24 |
| 18 | വിജയലക്ഷ്മി | 17 | 21.2.24 |
| 19 | ചന്ദ്രൻ | 1 | 21.2.24 |

| | | | |
|---|---|---|---|
| 20 | അബ്ദു | 15 | 21.2.24 |
| 21 | ആയിഷ | 8 | 21.2.24 |
| 22 | കാദർ | 2 | 25.3.24 |

ഭവനപുനരുദ്ധാരണ പ്രവൃത്തികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/28.6.2024) ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും സ്പിൽഓവർ പ്രോജക്ടിലുൾപ്പെടുത്തി ബാക്കി തുക അനുവദിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഭവനപുനരുദ്ധാരണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഡയാലിസിസ് സെന്ററിന് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | 28/24 ഡയാലിസിസ് സെന്ററിന് വിഹിതം നൽകൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കലാഫീസർ FHC |
| അടങ്കൽ | 100000 വികസനഫണ്ട് |
| ചെലവ് | 100000 വികസനഫണ്ട് |
| ചെലവ്-സാംക്ഷൻ ഓർഡർ നം. | 267/31.1.2024 |

മെഡിക്കലാഫീസർ FHC നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 100000 രൂപ തൃത്താല ഡയാലിസിസ് പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റി എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി-സർക്കാർ ഉത്തരവ്(കൈ)115/2022/തസ്വഭവ പ്രകാരമുള്ള സബ്സിഡി,ധനസഹായം,അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക7.6.7 പ്രകാരം ഡയാലിസിസ് നടത്തുന്നതിന് അർഹരായ രോഗിക്ക് ഒരു മാസം പരമാവധി 4000 രൂപ എന്ന നിരക്കിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകാവുന്നതിന് അനുവാദം ഉള്ളതാണ്.എന്നാൽ മേൽ സ്ഥാപനത്തിലെ ഡയാലിസിസ് സംവിധാനം ഗ്രാമപഞ്ചായത്തിലെ രോഗികൾ ഉപയോഗപ്പെടുത്തുന്നതിന്റെ വിവരങ്ങൾ,സ്ഥാപനം തുക ഉപയോഗപ്പെടുത്തിയത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഇത് സംബന്ധിച്ച് ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/28.6.2024) നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ രോഗികൾ ഡയാലിസിസ് സംവിധാനം ഉപയോഗപ്പെടുത്തുന്നതിന്റെ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-18 ഫാമിലി ഹെൽത്ത് സെന്ററുകളിലേക്ക് ലാപ്ടോപ്പുകൾ വാങ്ങിക്കൽ-സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | 218/24 കപ്പൂർ, കുമരനെല്ലൂർ ഫാമിലി ഹെൽത്ത് സെന്ററുകളിലേക്ക് ലാപ്ടോപ്പുകൾ വാങ്ങിക്കൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കലാഫീസർ FHC |
| അടങ്കൽ | 100000 തനത്ഫണ്ട് |
| ചെലവ് | 90191 തനത്ഫണ്ട് |
| ചെലവ്-സാങ്ഷൻ | 145/15.11.2023 – 54500<br>129/28.10.2023 - 35691 |

| | |
|---|---|
| ഓർഡർ നം. | |

മെഡിക്കലാഫീസർ FHC നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 90191 രൂപ തനത്ഫണ്ടിൽ നിന്ന് ചെലവഴിച്ച് GEM പർച്ചേസ് വഴി 3 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. ലാപ്ടോപ്പുകൾ അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണ് എന്ന് പരിശോധിച്ചതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ ഒഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/28.6.2024) നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

**1-19 ഉപകരണങ്ങൽ വാങ്ങൽ- റണ്ണിംഗ് കോൺട്രാക്ട് രേഖകൾ ഹാജരാക്കേണ്ടതാണ്**

| | |
|---|---|
| പ്രോജക്ട് | 342/24 കുമരനെല്ലൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കലാഫീസർ FHC |
| അടങ്കൽ | 684000 ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | 81232ഹെൽത്ത് ഗ്രാന്റ് |
| ചെലവ്-സാംക്ഷൻ ഓർഡർ നം. | 370/18.3.24 - 29500<br>371/18.3.24 - 2408<br>490/25.3.24 - 49324 |

മെഡിക്കലാഫീസർ FHC നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 81232 രൂപ ഹെൽത്ത് ഗ്രാന്റ് ൽ നിന്ന് ചെലവഴിച്ച് സയന്റിഫിക് മെഡിക്കൽ എക്യുപ്മെന്റ്സ് എന്ന സ്ഥാപനത്തിൽ നിന്ന് മൈക്രോസ്കോപ്പ്, മെറിൽ ഡയഗനോസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മെഡിക്കൽ,ലാബ് ഉപകരണങ്ങൾ (ബയോ കെമിക്കൽ അനലൈസർ,ബിലിറുബിൻ,യൂറിയ,കൊളസ്ട്രോൾFSR തുടങ്ങിയവ) എന്നിവ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും മേൽ സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിനുള്ള റണ്ണിംഗ് കോണ്ട്രാക്ട് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (നം.22/28.6.2024)വഴി ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. റണ്ണിംഗ് കോൺട്രാക്ട് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**1-20 സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണിച്ചർ ടെണ്ടർ കൂടാതെ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങി**

| | |
|---|---|
| പ്രോജക്ട് | മൃഗാശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 100,000 മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് |
| ചെലവ് | 100,000 മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് |
| ട്രഷറി ബിൽ/സാംക്ഷൻ ഓർഡർ | 74/12.8.2023 |

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം വിവിധ ഹോസ്പിറ്റൽ ഫർണിച്ചറുകൾ SIDCO –പാലക്കാട്-ൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. നിലവിൽ സിഡ്കോയിൽ നിന്നും സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട്

വാങ്ങുവാനുള്ള കാലാവധി ജി.ഒ(ആർടി)നം. 97/2022/SPD തിയതി 23.12.2022 പ്രകാരം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.എന്നാൽ SIDCO യിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്നത് ജി.ഒ(ആർടി)നം.26/2015/SPD/തിയതി.28-5-2015, ജി.ഒ(ആർടി)നം.97/2022/SPD തിയതി.23.12.2022 എന്നിവ പ്രകാരം നിശ്ചയിച്ച പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട സാധനങ്ങൾ/ഫർണിച്ചറുകൾ മാത്രമാണ്.എന്നാൽ മേൽ ഉത്തരവിലെ (അനുബന്ധം-IV ലെ) പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെ പറയുന്ന ഇനം ഫർണിച്ചർ പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുണ്ട്.

Plastic Arm Chair-850 രൂപ -24 എണ്ണം (ആകെ 20400 രൂപ)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/28.6.2024) പൊട്ടിപൊളിഞ്ഞ 2 കസേരകൾ മാത്രമാണ് ആശുപത്രിയിൽ ഉണ്ടായിരുന്നത്,അടിസ്ഥാന സാകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതിനാലും സിഡ്കോയുടെ രജിസ്റ്റേർഡ്/എം പാനെൽഡ് യൂണിറ്റുകളിൽ നിർമ്മിച്ചതായും ഗുണമേന്മ കൂടിയ പ്സലാസ്റ്റിക് കൊണ്ട് നിർമ്മിച്ചതാണെന്ന് സാക്ഷ്യപ്പെടുത്തിയതിനാലുമാണ് ഇപ്രകാരം SIDCO യിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയത് എന്നുമാണ് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട ഫർണീച്ചറുകൾ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാവുന്നതും അല്ലാത്തവയെല്ലാം GO(Rt)NO:13/2019/SPD Dtd. 02-04-2019 പ്രകാരമുള്ള സ്റ്റോർസ് പർച്ചേസ് മാനവൽ ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾക്ക് വിധേയമായി വാങ്ങുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ക്ലീൻ കേരള കമ്പനിക്ക് മാലിന്യത്തിന്റെ തുക നൽകൽ-അപാകത

| | | |
|---|---|---|
| പ്രോജക്ട് | 280/24 തിരസ്കൃത മാലിന്യം കയറ്റിഅയക്കൽ | 63/24 ക്ലീൻ കേരള കമ്പനിക്ക് തിരസ്കൃത മാലിന്യത്തിന്റെ തുക നൽകൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 300000 ധനകാര്യകമ്മിഷൻ ഗ്രാന്റ് | 250000 ധനകാര്യകമ്മിഷൻ ഗ്രാന്റ് |
| ചെലവ് | 294500 ധനകാര്യകമ്മിഷൻ ഗ്രാന്റ് | 209950 ധനകാര്യകമ്മിഷൻ ഗ്രാന്റ് |

ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന മാലിന്യങ്ങളിലെ തിരസ്കൃത മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് ക്ലീൻ കേരള കമ്പനിക്ക് മേൽ ചേർത്ത രണ്ട് പ്രോജക്ടുകളിലായി ആകെ 504450 രൂപ നൽകിയിട്ടുണ്ട്. തിരസ്കൃത മാലിന്യത്തിന് കിലോഗ്രാമിന് പത്തു രൂപ എന്ന നിരക്കിലാണ് ക്ലീൻ കേരള കമ്പനി മാലിന്യങ്ങൾ കൊണ്ടുപോകുന്നത്. ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ പ്രവർത്തിക്കുന്ന എംസി എഫ് -ൽ നിന്നും ലോറി ലോഡുകളിലായി മാലിന്യം ശേഖരിക്കുന്ന കമ്പനി നിഷ വേ ബ്രിഡ്ജ് വല്ലപ്പുഴ, വീരമംഗലത്ത് വേ ബ്രിഡ്ജ് പടിഞ്ഞാറങ്ങാടി, അൽഐൻ വേ ബ്രിഡ്ജ് വാവന്നൂർ, യൂണിവേഴ്സൽ ഡിജിറ്റൽ വേ ബ്രിഡ്ജ് കഞ്ചിക്കോട് എന്നീ വിവിധ വേ ബ്രിഡ്ജുകളിലായാണ് മാലിന്യത്തിന്റെ തൂക്കമെടുക്കുന്നത്. വിവിധ തിയതികളിൽ കൊണ്ട്പോയ മാലിന്യത്തിന്റ തൂക്കം അളന്നതിന്റെ വേ ബ്രിഡ്ജ് റസീപ്റ്റുകൾ നിർവഹണ ഉദ്യോഗസ്ഥന് നൽകുകയും ക്ലീൻ കേരള കമ്പനിയുടെ ഇൻവോയ്സ് പിന്നീട് നൽകുകയാണ് ചെയ്യുന്നത്. നിർവഹണ ഉദ്യോഗസ്ഥൻ ഇൻവോയ്സുകൾ പരിശോധിച്ച് ആയത് പ്രകാരമുള്ള തുക പ്രോജക്ടിലൂടെ കമ്പനിക്ക് അനുവദിച്ച് നൽകുകയും ചെയ്യുന്നു.

ക്ലീൻ കേരള കമ്പനിക്ക് മാലിന്യങ്ങൾ കൊണ്ടുപോകുന്ന പ്രോജക്ട് നടത്തിപ്പിലെ അപാകത ചുവടെ ചേർക്കുന്നു.

1. ക്ലീൻ കേരള കമ്പനി ഹാജരാക്കുന്ന മേൽ സൂചിപ്പിച്ച വ്യത്യസ്ത വേ ബ്രിഡ്ജ് റസീപ്റ്റുകളിൽ രേഖപ്പെടുത്തിയ മാലിന്യത്തിന്റെ തൂക്കം അതേപടി അംഗീകരിക്കുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിൽ സൗകര്യപ്രദമായ ഏതെങ്കിലും വേബ്രിഡ്ജിൽ തൂക്കമെടുക്കുന്നന്നതിനും ഈ സമയം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആയത് പരിശോധിച്ചു കൃത്യമാണെന്ന് രേഖപ്പെടുത്തുന്നതിനും സംവിധാനം നിലവിലില്ല.

ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ പഞ്ചായത്തിനടുത്തുള്ള വേ ബ്രിഡ്ജിൽ തന്നെ തൂക്കം എടുക്കുന്നതിനു നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച്നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/28.6.24) മറുപടി നൽകിയിട്ടുണ്ട്.

## 1-22 ഹെഡ്മാസ്റ്റർ -പ്രോജക്ടുകൾ നിർവഹണം നടത്തിയില്ല

സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നിർവഹിക്കുന്നതിന് 6 പ്രോജക്ടുൾ വിദ്യാഭ്യാസ മേഖലയിൽ രൂപീകരിച്ചിരുന്നു. സ്പിൽ ഓവർ പ്രോജക്ട് ആയ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ പ്രോജക്ട് (നം.224/24) ഉൾപ്പെടെയുള്ള മേൽ പ്രോജക്ടുകൾ ഒന്നും തന്നെ സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയിട്ടില്ല. വിദ്യാഭ്യാസ മേഖലയിലെ പ്രോജക്ടുകൾ നിർവഹണം നടത്താതെ വികസന ഫണ്ട് ലാപ്സാക്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/26.6.2026) നിർവഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ മറുപടി നൽകിയിട്ടില്ല. പ്രോജക്ടുകൾ നിർവഹണം നടത്താതെ വികസന ഫണ്ട് ലാപ്സാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 ഗുണഭോക്താക്കൾ ലൈഫ്ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

മുൻ വർഷങ്ങളിൽ എഗ്രിമെന്റ് വച്ച് നിർമ്മാണം ആരംഭിക്കുകയും നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ ലൈഫ് ഭവന നിർമ്മാണം പദ്ധതികളിലെ ഗുണഭോക്താക്കളുടെ വിവരം താഴെചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നിർമ്മാണം ആരംഭിച്ച വർഷം | ആകെ കൈപ്പറ്റിയ തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | സുജിത കൃഷ്ണകുമാർ | 2019-20 | 300000 | 5.10.21 |
| 2 | ബിനി പ്രതാപ് | 2019-20 | 350000 | 29.9.21 |
| 3 | ശാന്തസുബ്രമണ്യൻ | 2021-22 | 240000 | - |
| 4 | പ്രീത വിശ്വൻ | 2021-22 | 300000 | 16.5.23 |
| 5 | റിൻസി രാജേഷ് | 2021-22 | 340000 | 26.3.24 |
| 6 | കാർത്യാനി&കോരൻ | 2021-22 | 320000 | 6.7.23 |
| 7 | സുനിത മോഹനനൻ | 2020-21 | 300000 | 28.10.22 |
| 8 | ഗാഥ രാമചന്ദ്രൻ | 2020-21 | 100000 | 29.11.22 |
| 9 | കുട്ടൻ | 2021-22 | 40000 | 9.2.22 |

2. ലൈഫ് ഭവനനിർമ്മാണം-ഭൂരഹിത-ഭവനരഹിതർക്കുള്ള മുൻവർഷങ്ങളിലെ പ്രോജക്ട്(ലൈഫ് ഫേസ് 3 ടു 2) പ്രകാരം ഭൂമി വാങ്ങലിന് 200000 രൂപ കൈപറ്റിയ ചുവടെചേർക്കുന്ന ഗുണഭോക്താവ് നാളിത് വരെയും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

| ഗുണഭോക്താവ് | വിശദാംശങ്ങൾ |
|---|---|
| ഉഷ W/oപുഷ്ക്കരൻ | വാർഡ്3 |

| | |
|---|---|
| | 15.3.2022 ന് 200000 രൂപ ഭൂമി വാങ്ങലിന് നൽകിയിട്ടുള്ളതാണ്. ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. |

മേൽ പ്രകാരം പട്ടികയിൽ സൂചിപ്പിച്ച ഭൂരിപക്ഷം ഗുണഭോക്താക്കളും ഭവനനിർമ്മാണം ഭാഗികമയോ പൂർണ്ണമായോ പൂർത്തീകരിച്ചിട്ടുണ്ട് എന്നും പട്ടിക 2 ൽ കാണിച്ച ഗുണഭോക്താവ് എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിലും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല എന്നും, ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി, നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/29.6.2024) നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ലൈഫ് ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-വകയിരുത്തിയ തുക അപര്യാപ്തം

| | |
|---|---|
| പ്രോജക്ട് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറിഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ ,ചെലവ് | 200000 (വികസനഫണ്ട് - 100000, ജില്ലാപഞ്ചായത്ത്-100000)<br>ട്രഷറി ബിൽ നം.<br>1/19.3.24 – 24740<br>2/19.3.24 – 75260<br>3/25.3.24 – 56349<br>4/25.3.24 - 43651 |

സാമ്പത്തിക വർഷത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട 116 ക്ഷീരകർഷകരായ ഗുണഭോക്താക്കൾക്ക് പാലളവിന് ലിറ്ററിന് മൂന്നു രൂപ എന്ന ക്രമത്തിൽ സബ്സിഡി നൽകിയിട്ടുണ്ട്.എന്നാൽ വകയിരുത്തിയ തുക കുറവായതിനാൽ ക്ഷീര കർഷകർക്ക് ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ (5 ദിവസത്തേത് മാത്രം) പാൽ അളവിന് മാത്രമാണ് സബ്സിഡി നൽകിയിട്ടുള്ളത്.സബ്സിഡി മാർഗരേഖ പ്രകാരം ഒരു ലിറ്റർ പാലിന് മൂന്നു രൂപ നിരക്കിൽ ഒരു വർഷം പരമാവധി നാല്പതിനായിരം രൂപ വരെ ഒരു കർഷകന് നൽകാവുന്നതാണെങ്കിലും മേൽ പ്രോജക്ടിനായി വകയിരുത്തി ചെലവഴിച്ച തുക വളരെ തുച്ഛമാണ്.ക്ഷീരകർഷകർക്ക് മേഖലയിൽ തുടരുന്നതിന് പ്രോത്സാഹനം നല്കുന്ന തരത്തിൽ സബ്സിഡി നൽകാൻ വകയിരുത്തിയ തുക അപര്യാപ്തമാണ്.സാമ്പത്തികവർഷത്തിൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ച വികസനഫണ്ടിൽ ആകെ 3415542 രൂപ ചെലവഴിക്കാതെ ലാപ്സായ സാഹചര്യവും നിലനിൽക്കുന്നുണ്ട്.

വിഷയം സംബന്ധിച്ച്നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/29.6.24) നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല.

## 1-25 തെരുവുവിളക്കുകളുടെ ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കേണ്ടതാണ്

2023-24 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ ആകെ 832520/-രൂപ കെ.എസ്.ഇ.ബി ചാലിശ്ശേരി, കുമ്പിടി, പടിഞ്ഞാറങ്ങാടി എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിൽ അടവാക്കിയിട്ടുണ്ട്. തെരുവുവിളക്ക് റിപ്പയറിങ്, എൽ.ഇ.ഡി

തെരുവുവിളക്ക് സ്ഥാപിക്കൽ, ഇലക്ട്രിക് പോസ്റ്റ് മാറ്റി വയ്ക്കൽ എന്നിവയ്കായി പ്രോജക്ട് വെച്ച് 643231/- രൂപയും ഉൾപ്പെടെ ആകെ 1475751/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുനതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്തണമെന്ന് ബി.ഒ. (എഫ്. ബി.) നമ്പർ 496 / 2004 (എൽ.ജി /സി.ഒ.എം. 3515/ 98 തീയ്യതി 23.02.2004, കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി), തെരുവുവിളക്കുകൾക്ക് മീറ്ററിങ്ങ് ഏർപ്പെടുത്തൽ- പരിഷ്ക്കരിച്ച മാർഗ്ഗരേഖ സർക്കുലർ നം 65529/ഡി.സി3/12/ത.സ്വ.ഭ.വ/12.03.2013 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് .

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 - തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ, തെരുവ് വിളക്ക് മെയ് ന്റനൻസ് രജിസ്റ്റർ, സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടതും, എല്ലാ വാർഡുകളിലും മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തി ഓരോ മീറ്ററിങ്ങ് പോയിന്റിനും പ്രത്യേകം കൺസ്യൂമർ നമ്പർ അനുവദിച്ചതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ തെരുവുവിളക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ, തെരുവ് വിളക്കുകളുടെ ഇനം തിരിച്ച കണക്ക് രേഖപ്പെടുത്തിയ തെരുവുവിളക്കുകളുടെ ആസ്തി രജിസ്റ്റർ, സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/29.06.2024) തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടിയാണ് നല്കുകയുണ്ടായത്. ഇക്കാര്യത്തിലുള്ള പുരോഗതി അറിയിക്കേണ്ടതാണ്.

## 1-26 വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

സാമൂഹ്യ നീതി വകുപ്പ്, MNREGS ഗ്രാമപഞ്ചായത്ത് എന്നിവ സംയുക്തമായി നിർവഹണം നടത്തുന്ന, വാർഡ് -2 അങ്കണവാടി സെന്റർ നമ്പർ - 26 ന്റെ നിർമ്മാണത്തിനായി 2 ലക്ഷം രൂപ തിരുവനന്തപുരം എം.ജി.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിലേക്ക് (799011400000486) കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 281/24, അങ്കണവാടി കെട്ടിടനിർമ്മാണം ഫണ്ട് നൽകൽ |
| അടങ്കൽ | ₹200000 (തനത് ഫണ്ട് ) |
| ചെലവ് | ₹200000 |
| സാങ്ഷൻ ഓർഡർ നം./തീയതി | 88/ 15.09.2023 |

അങ്കണവാടി കെട്ടിടം പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതിനു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/27.06.2024) തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 ഭരണസമിതിയോഗങ്ങളുടെ മിനുട്സ് തയ്യാറാക്കി സമയബന്ധിതമായി അംഗീകരത്തിന് അയക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015 /തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ

നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനിട്ട്സ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. മിനിട്ട്സ് തയ്യാറാക്കി അയച്ച ദിവസം തന്നെ പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്.

**മിനിട്ട്സ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു**

| യോഗം ചേർന്ന തീയതി | സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി |
|---|---|
| 29.04.2023 | 07.08.2023 |
| 16.05.2023 | 15.11.2023 |
| 15.06.2023 | 08.08.2023 |
| 11.07.2023 | 15.11.2023 |
| 10.08.2023 | 08.01.2024 |
| 18.09.2023 | 30.12.2023 |
| 25.10.2023 | 04.01.2024 |
| 03.11.2023 | 09.01.2024 |
| 23.12.2023 | 28.03.2024 |
| 24.01.2024 | 28.03.2024 |
| 09.02.2024 | 29.03.2024 |
| 04.03.2024 | 26.06.2024 |

ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഭരണസമിതിയോഗങ്ങളുടെ മിനിട്ട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നതിനുള്ള കാരണം അറിയിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/28.06.2024) ലഭ്യമാക്കിയ മറുപടിയിൽ ഇനി മുതൽ ശ്രദ്ധിക്കാമെന്നാണ് അറിയിച്ചിരിക്കുന്നത്.

ഭരണസമിതിയോഗങ്ങളുടെ മിനിട്ട്സ് തയ്യാറാക്കി ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ അംഗീകാരം വാങ്ങേണ്ടതാണ്.

**1-28 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല**

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 99, ജി.ഓ(പി) നം.419/11/ഫിൻ.തീയതി 04.10.2011 എന്നിവ പ്രകാരം മുൻകൂർ നൽകിയ തുകകൾ 3 മാസത്തിനകം ക്രമീകരിക്കാത്തപക്ഷം, തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിവിധ ആവശ്യങ്ങൾക്കായി മുൻവർഷങ്ങളിൽ നൽകിയതും നാളിതുവരെയായി ക്രമീകരിക്കാത്തതുമായ മുൻകൂർ തുകകളുടെ വിവരങ്ങൾ (അഡ്വാൻസ് രജിസ്റ്റർ പ്രകാരം) താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഇനം | തുക (അടവാക്കാനുള്ളത്) |
|---|---|---|
| 1 | ഓണം ഫെസ്റ്റിവൽ അഡ്വാൻസ് | 29000/- |
| 2 | ടൂർ ട്രാവലിംഗ് അഡ്വാൻസ് | 2000 |
| 3 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അഡ്വാൻസ് നൽകിയത് | 847921 |
| 4 | അക്രിഡിറ്റഡ് | 50428 |

| | | |
|---|---|---|
| | ഏജൻസിക്ക് അഡ്വാൻസ് നൽകിയത് | |
| 5 | കമ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റിക്ക് അഡ്വാൻസ് നൽകിയത് | 30000 |
| 6 | ബെനിഫിഷറി കമ്മറ്റി കൺവീനർക്ക് അഡ്വാൻസ് നൽകിയത് | 22000 |

മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തതിന് വിശദീകരണം നല്കേണ്ടതും ജി.ഓ(പി) നം.419/11/ഫിൻ.തീയതി 04.10.2011 പ്രകാരം ആവശ്യമായ നടപടികൾ സ്വീകരി ക്കേണ്ടതുമാണ്.

## 1-29 ഐ.കെ.എം ന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി ഐ.കെ.എം വിഹിതം നൽകൽ – എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. പേര് | 1/2024 - ഐ.കെ.എം വിഹിതം നൽകൽ |
| അടങ്കൽ | ₹80000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹80000/- |
| ബിൽ നമ്പർ .തീയതി | 71/10.08.2023 |

മേൽ പ്രോജക്ട് പ്രകാരം ഇൻഫർമേഷൻ കേരള മിഷന്റെ അക്കൗണ്ടിലേക്ക് ( അക്കൗണ്ട് നമ്പർ - 57047023512 ) തുക കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ധന വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ : 3 /26.6.24) ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 ഗ്രാമ പഞ്ചായത്തിലേക്ക് പുതിയ വാഹനം വാങ്ങൽ - സംബന്ധിച്ച്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2023-24 ൽ "ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങൽ'' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.വിശദ വിവരം താഴെ കൊടുക്കുന്നു

| | |
|---|---|
| പ്രൊജക്ട് നം | 347/24 ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങൽ |
| അടങ്കൽ | 1300000 /- തനതുഫണ്ട് |
| ചെലവ് | 1006512/- |
| ബിൽ നമ്പർ/തീയതി | 241/18.01.2024 - 976133/- (വാഹനത്തിന്റെ വില)<br>550/30.03.2024 - 30379/- (വാഹനത്തിന്റെ ഇൻഷൂറൻസ് തുക) |

2023-24 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജെം മുഖാന്തിരം പ്രൊജക്ട് നം 347/24 ആയി ഗ്രാമ പഞ്ചായത്തിന് ഔദ്യോഗിക വാഹനം വാങ്ങുന്നതിന് തനതുഫണ്ടിൽ നിന്ന് 1300000/- രൂപ വകയിരുത്തുകയും 18.01.2024 തിയ്യതിയിൽ മഹീന്ദ്ര & മഹീന്ദ്ര ലിമിറ്റഡ് കമ്പനിയിൽ നിന്ന് ബൊലേറോ വാഹനം ഗ്രാമ പഞ്ചായത്തിലേക്ക് വാങ്ങിയിട്ടുണ്ട്.

*പതിനാലാം പഞ്ച വത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ )നം 115/2022 /ത.സ്വ.ഭ.വ,തിയ്യതി 28.05.2022 ഖണ്ഡിക 8.2 (7) അനുസരിച്ച് പുതിയ വാഹനം വാങ്ങുമ്പോൾ പരിസ്ഥിതി സൗഹൃദ ഇലക്ട്രിക്ക് വാഹനം വാങ്ങുന്നതിന് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഔദ്യോഗിക വാഹനം വാങ്ങുമ്പോൾ അത്തരം നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

*മുമ്പ് ഉപയോഗിച്ച വാഹനം (Jeep - രജിസ്ട്രേഷൻ നം. KL-52-C-2110) സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ലേലം നടത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് (നം.7/26.06.2024) ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 ഡെപ്പോസിറ്റ് പ്രവൃത്തി -വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി കെ എസ് ഇ ബി ക്ക് തുക കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 346/24, ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | ₹300000/- |
| ചെലവ് | ₹47310/- |
| സാങ്ഷൻ ഓർഡർ നം./തീയതി | 223/05.01.2024 - ₹ 11799/<br>295/15.02.2024 – ₹35511/- |

കപ്പൂർ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പടിഞ്ഞാറങ്ങാടി ക്ക് 47310/- രൂപ മേൽ സൂചിപ്പിച്ച പ്രകാരം കൈമാറിയിട്ടുണ്ട്.
സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 2022-23 മുതൽ 2026-27 വരെയുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 12.2.(5) ഡി.ii പ്രകാരം വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനുമുൻപ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് .എന്നാൽ കരാർ ചമച്ചതായി കാണുന്നില്ല. തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.8/26.06.2024) മറുപടി നല്കിയിട്ടുണ്ട്.

കെ എസ് ഇ ബിയുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ, പൂർത്തീകരണ സാക്ഷ്യപത്രം, ചെലവഴിക്കാതെ ശേഷിക്കുന്ന തുകയുണ്ടെങ്കിൽ തിരികെ ലഭ്യമായതിന്റെ വിവരം, എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-32 എസ് എസ് കെ – കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി എസ് എസ് എ വിഹിതം നൽകൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 54/24, എസ് എസ് എ വിഹിതം നൽകൽ |

| | |
|---|---|
| അടങ്കൽ | ₹ 600000 (വികസനഫണ്ട് ജനറൽ) |
| ചെലവ് | ₹ 600000 |
| സാങ്ഷൻ ഓർഡർ നം./തീയതി | 188/ 19.12.2023 |

പ്രൊജക്ട് പ്രകാരം വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ബ്ലോക്ക് പ്രൊജക്ട് കോ-ഓർഡിനേറ്റർ എസ് എസ് കെ തൃത്താല യ്ക്ക് പഞ്ചായത്ത് വിഹിതമായി 600000/-രൂപ കൈമാറിയിട്ടുണ്ട്. തുകയുപയോഗിച്ച് പഞ്ചായത്ത് തലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

8/26.06.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ധനവിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് SSK യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പദ്ധതി നിർവഹണം മോണിറ്റർ ചെയ്യേണ്ടതും ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-33 മരാമത്ത് പ്രവൃത്തികൾ -എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായി കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2023-24വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കാതെ ബിൽ അനുവദിച്ചതായി കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | 139/24 പട്ടിശ്ശേരി റോഡ് കോൺക്രീറ്റിംഗ് |
|---|---|---|
| 1 | അടങ്കൽ - | 200000രൂപ– വികസനഫണ്ട്- ജനറൽ |
| 2 | APAC- | 142281രൂപ |
| 3 | കരാറുകാരൻ | വേണുഗോപാലൻ പി |
| 4 | എഗ്രിമെന്റ് നം. | 08/AE/LID&EW /KPR/2023-24 /29.12.2023 |
| 5 | ബിൽ നം. | 305/15.02.2024 തുക : 167889 രൂപ |
| 6 | എം.ബുക്ക് നം. | E-MB 100106/2023 |
| 7 | ടെണ്ടർ അംഗീകരിച്ച തിയതി | 28.11.203 ലെ 3(1) നം തീരുമാനം |
| 8 | സെലക്ഷൻ നോട്ടീസ് നൽകിയത് | തീയതി . ഇല്ല |
| 9 | പിഴ കൂടാതെ എഗ്രിമെന്റ് | 22.12.2023 |

| | | |
|---|---|---|
| | വെക്കേണ്ട അവസാന തിയതി | |
| 10 | എഗ്രിമെന്റ് വെച്ച തിയതി | 29.12.2023 |
| 11 | ഈടാക്കേണ്ടയിരുന്ന പിഴ (1%) | 1422 |
| 12 | ഈടാക്കിയത് | 0 |
| 13 | കുറവ് | 1422 |

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | 132/24 മോസ്കോ നരിമാളൻകുന്ന് റോഡ് റീ കോൺക്രീറ്റിംഗ് |
|---|---|---|
| 1 | അടങ്കൽ - | 250000രൂപ– മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| 2 | APAC- | 177706രൂപ |
| 3 | കരാറുകാരൻ | വേണുഗോപാലൻ പി |
| 4 | എഗ്രിമെന്റ് നം.: | 07/AE/LID&EW /KPR/2023-24 /29.12.2023 |
| 5 | ബിൽ നം. | 362/18.03.2024 തുക : 209684 രൂപ |
| 6 | എം.ബുക്ക് നം. | E-MB 107092/2023 |
| 7 | ടെണ്ടർ അംഗീകരിച്ച തിയതി | 28.11.2023 ലെ 3 (1) നം തീരുമാനം |
| 8 | സെലക്ഷൻ നോട്ടീസ് നൽകിയത് | 18.12.2023 |
| 9 | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | 22.12.2023 |
| 10 | എഗ്രിമെന്റ് വെച്ച തിയതി | 29.12.2023 |
| 11 | ഈടാക്കേണ്ടയിരുന്ന പിഴ (1%) | 1777 |
| 12 | ഈടാക്കിയത് | 0 |
| 13 | കുറവ് | 1777 |

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | 64/24 മക്കാട് കർഷക ശ്രീ കോളനി റോഡ് റീ കോൺക്രീറ്റിംഗ് |
|---|---|---|
| 1 | അടങ്കൽ - | 300000രൂപ– മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| 2 | APAC- | 199727രൂപ |
| 3 | കരാറുകാരൻ | എം വാസുദേവൻ |

| | | |
|---|---|---|
| 4 | എഗ്രിമെന്റ് നം.: | 10/AE/LID&EW /KPR/2023-24 /01.01.2024 |
| 5 | ബിൽ നം. | 394/21.03.2024 തുക :235632രൂപ |
| 6 | എം.ബുക്ക് നം. | E-MB 104385/2023 |
| 7 | ടെണ്ടർ അംഗീകരിച്ച തിയതി | 28.11.2023 ലെ 3 (1) നം തീരുമാനം |
| 8 | സെലക്ഷൻ നോട്ടീസ് നൽകിയത് | 18.12.2023 |
| 9 | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | 22.12.2023 |
| 10 | എഗ്രിമെന്റ് വെച്ച തിയതി | 01.01.2024 |
| 11 | ഈടാക്കേണ്ടയിരുന്ന പിഴ (1%) | 1997 |
| 12 | ഈടാക്കിയത് | 0 |
| 13 | കുറവ് | 1997 |

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | 120/24 മോസ്കോ നരിമാളൻകുന്ന് റോഡ് കോൺക്രീറ്റിംഗ് |
|---|---|---|
| 1 | അടങ്കൽ - | 200000രൂപ–വികസനഫണ്ട് ജനറൽ |
| 2 | APAC- | 140992രൂപ |
| 3 | കരാറുകാരൻ | ലിജീഷ് ആർ |
| 4 | എഗ്രിമെന്റ് നം.: | 09/AE/LID&EW /KPR/2023-24 /30.12.2023 |
| 5 | ബിൽ നം. | 460/24.03.2024 തുക : 163739 രൂപ |
| 6 | എം.ബുക്ക് നം. | E-MB 100139/2023 |
| 7 | ടെണ്ടർ അംഗീകരിച്ച തിയതി | 28.11.2023 ലെ 3 (1) നം തീരുമാനം |
| 8 | സെലക്ഷൻ നോട്ടീസ് നൽകിയത് | 18.12.2023 |
| 9 | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | 22.12.2023 |
| 10 | എഗ്രിമെന്റ് വെച്ച തിയതി | 30.12.2023 |
| 11 | ഈടാക്കേണ്ടയിരുന്ന പിഴ (1%) | 1409 |
| 12 | ഈടാക്കിയത് | 0 |

| | | |
|---|---|---|
| 13 | കുറവ് | 1409 |

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | 190/24 ഞാവലങ്ങാട് ചോലക്കുളം റോഡ് റീ ടാറിംഗ് |
|---|---|---|
| 1 | അടങ്കൽ - | 500000രൂപ– മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| 2 | APAC- | 398028രൂപ |
| 3 | കരാറുകാരൻ | സൈനുദ്ദീൻ വി |
| 4 | എഗ്രിമെന്റ് നം.: | 03/AE/LID&EW /KPR/2023-24 /27.12.2023 |
| 5 | ബിൽ നം. | 218/24.03.2024 തുക : 163739 രൂപ |
| 6 | എം.ബുക്ക് നം. | E-MB 100139/2023 |
| 7 | ടെണ്ടർ അംഗീകരിച്ച തിയതി | 28.11.2023 ലെ 3 (1) നം തീരുമാനം |
| 8 | സെലക്ഷൻ നോട്ടീസ് നൽകിയത് | 18.12.2023 |
| 9 | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | 22.12.2023 |
| 10 | എഗ്രിമെന്റ് വെച്ച തിയതി | 30.12.2023 |
| 11 | ഈടാക്കേണ്ടയിരുന്ന പിഴ (1%) | 3980 |
| 12 | ഈടാക്കിയത് | 0 |
| 13 | കുറവ് | 3980 |

പിഴ ഈടാക്കാതെ കരാറുകാരന് ബിൽ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം11/27.06.2024) ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യലയത്തിൽ ലഭിക്കുന്നതിനുള്ള കാലതാമസം മൂലമാണ് വൈകിയതെന്നും, സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനകം കരാറുകാർ എഗ്രിമെന്റ് ചമച്ചിട്ടുണ്ട് എന്നും മറുപടി നൽകിയിട്ടുണ്ട്.

ഭരണപരമായ കാലതാമസം ഒഴിവാക്കി സമയബന്ധിതമായി കരാർ ചമക്കുന്നതിനു ശ്രദ്ധ ചെലുത്തേണ്ടതാണ്.

**1-34 ടേക് എ ബ്രേക് ശൗചാലയം -പ്രവർത്തനം ആരംഭിച്ചിട്ടില്ല**

പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനു സമീപത്തായാണ് ടേക്ക് എ ബ്രേക് ശൗചാലയം നിർമ്മിച്ചിരിക്കുന്നത്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി ഇലക്ട്രിഫിക്കേഷൻ വർക്കാണ് 2023-24 വർഷം നടത്തിയിരിക്കുന്നത്. പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ /പേര് | 229/24,(സ്പിൽ ഓവർ) ടേക്ക് എ ബ്രേക്,അങ്കണവാടി കെട്ടിടം,എംസിഎഫ് ഇലക്ട്രിഫിക്കേഷൻ |

| | |
|---|---|
| അടങ്കൽ | 150000/-(വികസനഫണ്ട് ജനറൽ) |
| ചെലവ് | 138343/- |
| സാങ്ഷൻഓർഡർ നമ്പർ/തീയതി | 228/10.01.2024 |

കെട്ടിട നിർമ്മാണവും ഇലക്ട്രിഫിക്കേഷൻ വർക്കും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ടേക്ക് എ ബ്രേക്ക് ശൗചാലയം പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തിട്ടില്ല. ശൗചാലയത്തിന്റ നിലവിലെ സ്ഥിതി അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/28.06.2024) ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ശൗചാലയം ഉപയോഗപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-35 മരാമത്ത് പ്രവൃത്തികൾ - പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്**

2023-24 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 157 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ നടപ്പിലാക്കിയത് 33 എണ്ണമാണ്. 60975231 രൂപ ആകെ ഫണ്ട് വകയിരുത്തിയതിൽ 6840938 രൂപയാണ് ചെലവ് വന്നിട്ടുള്ളത്. ചെലവ് ശതമാനം 11.22% മാത്രമാണ്. പദ്ധതികൾ സമഗ്രമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടില്ല

വിവിധ ഫണ്ടുകൾ ഉപയോഗിച്ച് വകയിരുത്തിയ തുകകളും, ചെലവഴിച്ച തുകകളുടേയും വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമനം | ഫണ്ട് | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | വികസനഫണ്ട്GEN | 4488545 | 1267817 | 28.24 |
| 2 | വികസനഫണ്ട് SCP | 2244480 | 290287 | 12.93 |
| 3 | CFC ഗ്രാന്റ് | 11328000 | 1007782 | 8.89 |
| 4 | കേന്ദ്രാവിഷ്കൃതഫണ്ട് | 710000 | 0 | 0 |
| 5 | തനതുഫണ്ട് | 4182483 | 2001036 | 47.84 |
| 6 | MG റോഡ് | 30266723 | 2071252 | 6.84 |
| 7 | MG നോൺ റോഡ് | 7255000 | 202764 | 2.79 |
| 8 | മറ്റുള്ളവ | 500000 | 0 | 0 |
| 9 | ആകെ | 60975231 | 6840938 | 11.21 |

**സ്പിൽ ഓവർ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മുൻവർഷങ്ങളിൽ ആരംഭിച്ചതും, 2023-24 ൽ സ്പിൽ ഓവർ ആക്കിയ താഴെ പറയുന്ന പദ്ധതികൾ തൻവർഷം നടപ്പിലായതായി കാണുന്നില്ല .

| ക്രമനം | പ്രവൃത്തി | ഫണ്ട് | അടങ്കൽ |
|---|---|---|---|
| 1 | 232/24 നീർച്ചാലുകളുടേയും തോടുകളുടേയും നിർമ്മാണം | CFC ഗ്രാന്റ് 1031300 തനതുഫണ്ട് 100000 | 1131300 |
| 2 | 247/24 കാനകളുടെ നിർമ്മാണം | CFC ഗ്രാന്റ് 1250000 തനതുഫണ്ട് 120000 | 1370000 |
| 3 | 255/24 പൂപറമ്പിൽ തോട് ഭിത്തി സംരക്ഷണം | വികസന ഫണ്ട് 50000 CFC ഗ്രാന്റ് 100000 | 150000 |
| 4 | 241/24 നട്ടുശ്ശേരി പട്ടാണിപറമ്പിൽ | വികസന ഫണ്ട് 50000 CFC | 150000 |

| | | | |
|---|---|---|---|
| | റോഡ് കോൺക്രീറ്റിംഗ് | ഗ്രാന്റ് 100000 | |
| 5 | 253/24 എറവക്കാട് സെന്റർജാറം റോഡ് മെയിന്റനൻസ് | വികസനഫണ്ട് 100000 MG റോഡ് 77531 | 177531 |
| 6 | 256/24 കോഴിക്കര കല്ലുവെട്ടുിക്കാവ് റോഡ് മെയിന്റനൻസ് | MG റോഡ് | 388000 |
| 7 | 259/24 കോറിക്കുന്ന് എസ് സി റോോഡ് | വികസന ഫണ്ട് GEN 215, SCP 147240 | 147455 |
| 8 | 234/24 പട്ടാണിപറമ്പിൽ ഷാപ്പ് റോഡ് കോൺക്രീറ്റിംഗ് | വികസന ഫണ്ട് GEN 18380, SCP 147240 | 165620 |
| 9 | 238/24 ചങ്ങരത്ത് കാഞ്ഞിരത്താണി റോഡ് | വികസനഫണ്ട് 100000 MG റോഡ് 388000 | 488000 |
| 10 | 242/24 ചുള്ളിലവളപ്പ് ബാലവാടി റോഡ് | MG റോഡ് | 388000 |
| 11 | 231/24 കാരിവളപ്പിൽ കോളനി റോഡ് ടാറിംഗ് | തനതുഫണ്ട് | 108773 |
| 12 | 41/24കൃഷി ഭവൻ ഹാൾ നവീകരണം | MG നോൺ റോഡ് | 500000 |
| 13 | 252/24 ഞാവലങ്ങാട് എറവക്കാട് റോഡ് റീ ടാറിംഗ് | വികസനഫണ്ട് 100000 MG റോഡ് 397800 | 497800 |
| 14 | 235/24 AKG കോട്ടർ ഇടവഴി റോഡ് | വികസനഫണ്ട് | 100000 |
| 15 | 275/24 സോക്ക് പിറ്റ് നിർമ്മാണം | CFC ഗ്രാന്റ് | 547500 |
| 16 | 258/24 റോഡ് കണക്ടിവിറ്റി മാപ്പിംഗ് തുക നൽകൽ | MG റോഡ് | 14000 |
| 17 | 236/24 കൽമാട്ടി കോാലോത്ത് പറമ്പ് റോഡ് റീ കോൺക്രീറ്റിംഗ് | MG റോഡ് | 185000 |
| 18 | 239/24 കപ്പൂർ പാടം തോട് കനാൽ നവീകരണം | CFC ഗ്രാന്റ് | 600100 |

പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കത്തത് പ്ലാൻ ഫണ്ടുകൾ ലാപ്സാക്കുന്നതിന് ഇടയാകുന്നു. ആയത് തുടർ വർഷങ്ങളിലെ പദ്ധതികളുടെ ആസൂത്രണത്തെ ദോഷകരമായി ബാധിക്കുന്നതാണ്.

പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം10/27.06.2024) അംഗീകാരം ലഭിച്ച 157 പ്രൊജക്ടുകളിൽ 5 എണ്ണം ഫീസിബിലിറ്റി ലഭ്യമല്ലാത്തതിനാലും, അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടാത്തതിനാലും എസ്റ്റിമേറ്റ് ഉണ്ടാക്കിയില്ല. ബാക്കി 152 പ്രോജക്ടുകൾക്ക് ടെണ്ടർ ചെയ്യുകയും 45 പ്രവൃത്തികൾ നടപ്പിലാക്കുകയും 33 എണ്ണം ബിൽ തുക നൽകുകയും ചെയ്തിട്ടുണ്ട്. 12 എണ്ണം ക്യൂ ബിൽ ആയി

മാറി. പ്രോജക്ടുകളുടെ എണ്ണക്കൂടുതലും, 45 ഓളം പ്രവൃത്തികൾ നിരവധി തവണ ടെണ്ടർ ചെയ്ചിട്ടും പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകാത്തതു കൊണ്ടാണ് നടപ്പിലാക്കാത്തതെന്നും, വരും വർഷങ്ങളിൽ അടങ്കൽ തുക വർദ്ധിപ്പിച്ച് പ്രൊജക്ടുകളുടെ എണ്ണം കുറവാക്കുന്നതിന് ഭരണസമിതിയ്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

സ്പിൽ ഓവർ പ്രവൃത്തികളിൽ 9 എണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും, ബാക്കി 9 എണ്ണം ഉടൻതന്നെ പൂർത്തീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-36 മരാമത്ത് പ്രവൃത്തികൾ- പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, 2012 ലെ കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം പിഴ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ബ്ലോക്ക് പഞ്ചായത്തിന് പിഴ ഇനത്തിൽ വരുമാന നഷ്ടവുമുണ്ടായിട്ടുണ്ട്.

2012 ലെ കേരള പി.ഡബ്ള്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം ഓരോ പ്രാവശ്യവും ദീർഘിപ്പിച്ചു നൽകാവുന്ന കരാർ കാലാവധി ദൈർഘ്യം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ മാത്രമാണ്. ഏതൊരു പ്രവൃത്തിയ്ക്കും അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ഒരു കാരണവശാലും ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ) എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ മതിയായ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | 249/24അങ്കണവാടിക്ക് ചുറ്റുമതിൽ വാർഡ് 7 (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 150000 രൂപ തനതുഫണ്ട് |
| 2 | PAC- | 126481 രൂപ |
| 3 | കരാറുകാരൻ - | രാജീവ് പി |
| 4 | സാങ്കേതികാനുമതി | LSGD/CE LSGD/EST /TS/17463/2023/03.03.23 (6മാസം) |
| 5 | എഗ്രിമെന്റ് നം. | 77/AE/LID&EW /KPR /22-23/09.03.23 |
| 6 | പാർട്ട് ബിൽ | 0 |
| 7 | ബിൽ/വൗച്ചർ നം. | 266/30.01.2024 - 149245രൂപ |

| | | |
|---|---|---|
| 8 | എം.ബുക്ക് നം. | E MB- 17463/2023 |
| 9 | സൈറ്റ് കൈമാറിയ തിയതി | 13.03.2023 |
| 9 | പൂർത്തീകരിക്കേണ്ട തീയ്യതി: | 12.09.2023 |
| 10 | പൂർത്തീകരിച്ച തീയ്യതി | 19.01.2024 |
| 11 | ഈടാക്കേണ്ടത് (3%) | 3794രൂപ |
| 12 | ഈടാക്കിയത് | 886 |
| 13 | കുറവ് | 2908രൂപ |

13.03.2023ന് സൈറ്റ് ഏറ്റെടുത്തിട്ടുണ്ട് പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ തിയതി, കാരണം എന്നിവ രേഖപ്പെടുത്തി അപേക്ഷ സമർപ്പിച്ചിക്കുകയോ, കാലാവധി ദീർഘിപ്പിച്ചു നൽകുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ കരാറുകാരന് ബിൽ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം12/27.06.2024) മറുപടി നൽകിയിട്ടില്ല.

**<u>1-37 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ-പ്രവർത്തനാവലോകനം</u>**

മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന 2021 -ജനവരി മാസത്തിൽ രൂപീകരിച്ചിട്ടുണ്ട്. സ.ഉ (സാധാ) നം. 2420 /17/ ത സ്വ ഭ വ തിയതി : 15-07-2017 പ്രകാരം ഹരിത കർമ്മ സേനയുടെ രൂപീകരണത്തിനുള്ള നടപടി ക്രമങ്ങളും സ.ഉ (സാധാ) നം.1496/2020/ത സ്വ ഭ വ തിയതി : 12-8-2020 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗ രേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിത കർമ്മ സേന യിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്.ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.നിലവിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തന വിവരങ്ങൾ താഴെ ചേർക്കുന്നു.

ഹരിത കർമ്മ സേനയിൽ 36 പേർ അംഗങ്ങളായിട്ടുണ്ട്. കൺസോർഷ്യം ഒരെണ്ണം രൂപീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ആകെ 18 വാർഡുകളുണ്ട്. യൂസർഫീ ആയി വീടുകളിൽ നിന്ന് 50 രൂപയും കടകളിൽ നിന്ന് 100 രൂപയുമാണ് ഈടാക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ 8564 വീടുകളും 494 വാണിജ്യസ്ഥാപനങ്ങളും നിലവിലുണ്ട്.

**<u>മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) സജ്ജീകരണങ്ങൾ</u>**

സ.ഉ (സാധാ) നം.306/2019/തസ്വ.ഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്.ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150 ച.അടിയിൽ കുറയാത്ത എം.സി.എഫ്) തദ്ദേശ സ്ഥാപനതലത്തിലും (1000 ച.അടിയിൽ കുറയാത്ത എം.സി.എഫ്) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ പ്രധാന എം.സി.എഫ് കേന്ദ്രം വട്ടക്കുന്ന് എന്ന സ്ഥലത്താണ് പ്രവർത്തിക്കുന്നത്. 1550 ച.അടി വിസ്തീർണമുള്ള സ്ഥിരമായ എം സി എഫ് കെട്ടിടം ആണ് . എല്ലാ വാർഡുകളിലായി 23 മിനി എം.സി എഫുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിച്ച മാലിന്യങ്ങൾ ഈ കെട്ടിടത്തിലാണ് നിക്ഷേപിക്കുന്നത്.പ്രധാന എം.സി.എഫ് കേന്ദ്രത്തിൽ എല്ലാ അടിസ്ഥാന സൌകര്യങ്ങളും എർപ്പെടുത്തിയിട്ടുണ്ട്.

**<u>ഹരിത കർമ്മസേനയ്ക്ക് സുരക്ഷാ സാമഗ്രികൾ വാങ്ങൽ</u>**

ഹരിതകർമ്മ സേനയ്ക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങളായ യൂണിഫോം, മാസ്ക് , സാനിറ്റൈസർ, ഗ്ലൗസ്, മറ്റ് സുരക്ഷാസാമഗ്രികൾ തുടങ്ങിയവ വാങ്ങി നൽകിയിട്ടുണ്ട്.

**യൂസർഫീ പിരിവ്**

ഹരിതകർമ്മസേനാംഗങ്ങളെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു. മാലിന്യ നീക്കത്തിനായി സ്വന്തം വാഹനം ഉപയോഗിക്കുന്നുണ്ടെങ്കിലും സേനാ അംഗങ്ങളുടെ യൂസർഫീ പിരിവിൽ കാര്യമായ പുരോഗതിയില്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. ശരാശരി 79% വീടുകളിൽ നിന്നു യൂസർ ഫീ ലഭ്യമാകുന്നുണ്ട്.

യൂസർഫീ കൃത്യമായി പിരിക്കാൻ കഴിഞ്ഞാൽ വീടുകളുടെയും കടകളുടെയും എണ്ണത്തിനാനുപാതികമായി ശരാശരി 5731200/- രൂപ വരെ ഹരിതകർമ്മസേനക്ക് പ്രതിമാസ വരുമാനം ലഭിക്കേണ്ടതാണ്. എന്നാൽ ഈ സാമ്പത്തിക വർഷം ആകെ 3102330/- രൂപ യാണ് ഹരിതകർമ്മസേനയുടെ ആകെ വരുമാനം.

മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ യൂസർഫീ ലഭിക്കുന്നതിനാവശ്യമായ ബോധവത്കരണപരിപാടികൾ പൊതുജനങ്ങൾക്കിടയിൽ നടത്തിയിട്ടും ഏതാനും ആളുകൾ ഇപ്പോഴും കൃത്യമായി യൂസർഫീ നൽകുന്നില്ല എന്ന കാര്യം സേനാംഗങ്ങൾ അറിയിച്ചു.

യൂസർ ഫീ കളക്ഷൻ കുമരനെല്ലൂർ കനറ ബാങ്ക് അക്കൌണ്ടിൽ (അക്കൌണ്ട് നമ്പർ : 1180101036528 ) സൂക്ഷിക്കുന്നുണ്ട്. തൻവർഷം ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് **126145/-**രൂപയാണ്.

മാലിന്യ നീക്കത്തിനും തുടർ പ്രവർത്തനങ്ങൾക്കുമായി വൻതുക ചെലവഴിക്കേണ്ട സാഹചര്യം നിലനിൽക്കുന്നതിനാൽ യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

**ക്ലീൻകേരളകമ്പനി**

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്റ്റുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് സംഘം ശേഖരിക്കുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകി വരുന്നുണ്ട്. ഹരിതകർമ സേന 18 ടൺ അജൈവമാലിന്യം തൻവർഷം ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്.

**ഹരിതസഹായ സ്ഥാപനം**

15-07-2017 ലെ സ.ഉ(സാധാ)നം.2420/2017/തസ്വഭവ തിയതി ഉത്തരവു പ്രകാരം ഹരിതസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ഹരിത കേരളം മിഷൻ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ്. IRTC മുണ്ടൂർ ഹരിതകർമ സേനയ്ക്ക് ആവശ്യമായ സേവനങ്ങൾ നൽകിയിട്ടുണ്ട്.

**റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്)**

സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല

**പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി**

ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ (ആർടി) നം.949/2021/തസ്വഭവ തിയതി 5-5-2021 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നിർവ്വഹണ

ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ വിവരിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതികൾ തയ്യാറാക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ഇടപെടൽ നടത്തുന്നതിനും എം.സി.എഫിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനുമുള്ള ചുമതല ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്കാണ് നൽകിയിട്ടുള്ളത്.
ഓഡിറ്റ് എൻക്വയറി(നം.2/26.06.2024).

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

*ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്. അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള യൂസർ ഫീ എല്ലാവരിൽ നിന്നും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

*യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.ഹരിതകർമ്മസേനക്ക് ലഭിക്കേണ്ടതായ യൂസർഫീ കൃത്യമായി ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തു നിന്നും ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

*ഹരിത കർമ്മസേനയുടെ പ്രവർത്തനം ഗ്രാമപഞ്ചായത്ത് നിരന്തരം മോണിറ്റർ ചെയ്യേണ്ടതാണ്.

*മാലിന്യസംസ്കരണത്തിനായി സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

*ഹരിതസംരംഭകർക്ക് ആവശ്യമായ വൈദഗ്ദ്ധ്യ പരിശീലനം നൽകി സംരംഭക പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

* ഹരിത കർമ്മസേനയുടെ പ്രവർത്തനശേഷി നിരന്തരം ഉയർത്തുന്നതിനുള്ള പിന്തുണയും പ്രോത്സാഹനവും നൽകേണ്ടതും ഹരിതകർമ്മസേനയുടെ തൊഴിൽ മാന്യത ഉറപ്പു വരുത്തി അവർക്കിടയിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്.

*ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് കൂടുതൽ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

*യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.

കൃത്യമായ മോണിറ്ററിംഗിലൂടെയും തുടർ പ്രവർത്തനങ്ങളിലൂടെയും നിലവിലെ അവസ്ഥക്ക് പരിഹാരം കാണേണ്ടതാണ്. ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് |
|---|---|---|

| | കണക്കുകൾ പരിശോധിച്ച തിയതി | നമ്പർ/ തീയതി |
|---|---|---|
| 2023-24 | 21.06.2024 മുതൽ 29.06.2024 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തൃത്താല ബ്ലോക്ക് പഞ്ചായത്ത് | മുന്നിരിപ്പ് | 509334 | | 0 | 509334 |
| | 2023-24 | 460000 | 18/24 നെൽ കൃഷിക്ക് കൂലിചെലവ് സബ്സിഡി | 460000 | 0 |
| | | 1142000 | 61/24 ലൈഫ് ഭവനം ജനറൽ | 1142000 | 0 |
| | 2023-24 | 200000 | 319/24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ജനറൽ | 200000 | 0 |
| | | 1578971 | 50/24 ലൈഫ് ഭവനം എസ്.സി.പി | 1578971 | 0 |
| | ആകെ | 3380971 | | 3380971 | 0 |
| | മുന്നിരിപ്പുൾപ്പെടെ | **3890305** | | **3380971** | **509334** |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | **മുന്നിരിപ്പ്** | **249812** | | **0** | **249,812** |
| | 2023-24 | 845000 | 18/24 നെൽ കൃഷിക്ക് കൂലിചെലവ് സബ്സിഡി | 845000 | 0 |
| | 2023-24 | 900000 | 50/24 ലൈഫ് ഭവനം എസ്.സി.പി | 900000 | 0 |
| | | 100000 | 9/24 പാലിന് സബ്സിഡി | 100000 | 0 |
| | **ആകെ** | 1845000 | | 1845000 | **0** |
| | **മുന്നിരിപ്പുൾപ്പെടെ** | **2094812** | | **1845000** | **2094812** |

വിവിധ പദ്ധതികൾക്കായി മുൻ വർഷങ്ങളിൽ ലഭിച്ച ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| KSEB പടിഞ്ഞാറങ്ങാടി | 346/24 ഇലക്ട്രിക്ക് | 1 | 47310 | | |

| | | | | | |
|---|---|---|---|---|---|
| ഇലക്ട്രിക്കൽ സെക്ഷൻ | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | | | |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്**

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

**4-5 വായ്പ / വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഹഡ്കോവായ്പ | | 3,300,000 | 3628399 | 1345688 | | 5582711 |

* വികസന ഫണ്ടിന്റെ (ജനറൽ, എസ്.സി.പി) സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുക

**4-6 സ്ഥിരനിക്ഷേപങ്ങൾ.**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 841814രൂപ |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 0 |
| ആകെ | 841814രൂപ |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 841814 രൂപ |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | Kerala State Co-Operative Bank Padinjarangadi Branch FD No. 00138524/10-10-2023 | 10.10.2023 | 1 വർഷം | 841814 രൂപ |

**4-7 ഓഡിറ്റ് റിക്കവറി**

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം./തീയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2013-14,2014-15 | 1-5 | 3750 | 1230100040/10-04-2023 | മാനേജർ SASഓഡിറ്റോറിയം |
| 2019-20 | 1-15 | 1084 | 1230100415/17-05-2023 | ടി.കെ.രാജൻ |
| | ആകെ | 4834 | | |

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **23**-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2014-15<br>2-1 | 2016-17 | അനുബന്ധം-4<br>തൊഴിൽ നികുതി അവലോകനം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല |
| 2015-16<br>2-1 | 2016-17 | അനുബന്ധം-5<br>തൊഴിൽ നികുതി അവലോകനം | |

**4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം**

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 89075320.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43158132.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം | 2908.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഒന്നുമില്ല

**ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 2908 | ശ്രീ മുഹമ്മദ് മുബാരിസ്, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ മുഹമ്മദ് മുബാരിസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കപ്പൂർ ഗ്രാമപഞ്ചായത്ത് | കോടമ്പിയാക്കം , മുബാറാക്ക് മൻസിൽ MIHSS For Boys സ്കൂളിന് സമീപം പൊന്നാനി, മലപ്പുറം ജില്ല 679586 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFP6-18568/00/11-12-00 | 48 |
| 1998-99 | LFP6-18568/00/11-12-00 | |
| 1999-00 | LFP11-28/05/29-08-2005 | |
| 2000-01 | LFP11-733/06/16-10-2006 | 36 |
| 2001-02 | LFP11-734/06/16-10-2006 | |
| 2002-03 | LFP11-1617/08/2-1-2010 | |
| 2003-04 | LFP11-1618/08/2-1-2010 | |
| 2004-05 | LFP11-1619/08/2-1-2010 | |
| 2005-06 | LFP20-1006/11/3011-11 | |
| 2006-07 | LFP20-1007/11/3011-11 | |
| 2007-08 | LFP20-1008/11/30-11-11 | |
| 2008-09 | LFP20-75/13/22-3-13 | |
| 2009-10 | LFP20-75/13/22-3-13 | |
| 2010-11 | LF6-20/75/13/22-3-13 | 26 |
| 2011-12 | LFP20-1276/14 /10-10-2014 | |
| 2012-13 | LFP20/882/15/26-08-2015 | 16 |

| | | |
|---|---|---|
| 2013-14& 2014-15 | KSA-PKD20/1103/2016 /31-07-2016 | 18 |
| 2015-16 | KSA-PKD20/90 /2017/12-1-17 | 15 |
| 2016-17 | KSA-PKD20/1815/17 /12-10-17 | 11 |
| 2017-18 | KSA-PKD20/858 /2019/17-8-19 | 19 |
| 2018-19 | KSA-PKD20-196/2021 Dt.15-3-21 | 21 |
| 2019-20 | KSA-PKD20-1260/2022 Dtd 07-07-2022 | 18 |
| 2020-21 | KSA-PKD20-1261/2022 Dtd 07-07-2022 | 13 |
| 2021-22 | KSA-PKD.20/475 /23/10-4-23 | 28 |
| 2022-23 | KSA-PKD.20/1837 /23/19-12-2023 | 18 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 08/01 dated 08/01 dated 09-05-2024 and submitted on 31-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Kappur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kappur Grama Panchayat as on 31-03-2024

**Date: 22/08/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Kappur Grama Panchayat for the Year 2023-2024.

### 1.Major Observations

nil

### 2.Other Observations

1. Basic ratios and notes to accounts as per Kerala Panchayath Raj(Accounts) Rules, 2011 (Rule 62 e&f)not furnished with AFS.

2. Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3.Asset Register not updated
4. The details in the BANK RECONCILIIATION STATEMENT and that in Balance sheet B-15 are not identical (AC NO: CANARA BANK HEALTH GRANT DIAGNOSTIC INFRA KUMARANELLUR (110042514737)

5.The details of capital work in progress is not inculded in the AFS.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3
## വാർഷിക കണക്കുകൾ- സംക്ഷിപ്തം

**Kappur Grama Panchayat**
**INCOME & EXPENDITURE STATEMENT**

For the period from 01-April-2023 to 31-March-2024

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 6270012.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 196431.00 |
| 140000000 | Fee & User Charges | I-4 | 4512892.00 |
| 150000000 | Sale & Hire Charges | I-5 | 179349.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 123173789.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 625653.00 |
| 180000000 | Other Income | I-9 | 116834.00 |
| 190000000 | Prior Period Income | I-19 | 357977.00 |
| | **Total Income** | | **135074960.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 12148147.00 |
| 220000000 | Administrative Expenses | I-11 | 1673608.00 |
| 230000000 | Operations & Maintenance | I-12 | 1288319.00 |
| 240000000 | Interest & Finance Charges | I-13 | 700.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7245184.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 32651128.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 3723090.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 18929000.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 48058400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 748751.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets | I-17 | 0.0 |

| | | | |
|---|---|---|---|
| | and Investments | | |
| 272000000 | Depreciation | I-17(A) | -6690300.00 |
| | **Total Expenditure** | | **119776027.00** |
| | **Gross Surplus / Deficit of income over Expenditure** | | **15298933.00** |
| | **Gross Surplus / Deficit of income over Expenditure** | | **15351668.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 305242.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **52735.00** |

**Kappur Grama Panchayat RECEIPT & PAYMENT STATEMENT**

For the period from 01-April-2023 to 31-March-2024

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 28494721.00 |
| Cash | Cash | RP-40(a) | 92279.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 993430.00 |
| 140000000 | Fees & User Charges | RP-4 | 4409397.00 |
| 150000000 | Sale & Hire Charges | RP-5 | 179349.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14403600.00 |
| 171000000 | Interest Earned | RP-9 | 625653.00 |
| 190000000 | Prior Period Income | RP-11 | 35138.00 |
| 210000000 | Establishment Expenses | RP-12 | 1.00 |
| 220000000 | Administrative Expenses | RP-13 | 4800.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | RP-19 | 5200000.00 |
| 311000000 | Earmarked Funds | RP-28 | 384.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 12105197.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 18521896.00 |
| 460000000 | Loans, Advances and Deposits | RP-49 | 16000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 4834.00 |
| 330000000 | Secured Loans | RP-31 | 3300000.00 |
| 340000000 | Deposits Received | RP-33 | 116540.00 |
| 350000000 | Other Liabilities | RP-35 | 572101.00 |
| | **Grand total** | | **89075320.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 11500.00 |
| 311000000 | Earmarked Funds | RP-28 | 20.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 20086.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 11312723.00 |
| 460000000 | Loans, Advances and Deposits | RP-49 | 1775629.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 50388.00 |
| 350000000 | Other Liabilities | RP-35 | 29987786.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 45669756.00 |

| | | | |
|---|---|---|---|
| Cash | Cash | RP-40(b) | 247432.00 |
| | **Grand Total** | | **89075320.00** |

**BALANCE SHEET**

As on 31-March-2024

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 47822260.30 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 10018.00 |
| 312000000 | Reserves | B-3 | 59794870.00 |
| | **Total Reserve & Surplus** | | **107627148.30** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 21511102.00 |
| | **Total Grants, Contributions for Specific Purposes** | | **21511102.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 5582711.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **5582711.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 611655.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2593069.70 |
| 360000000 | Provisions | B-10 | 205155.00 |
| | **Total Current Liabilities and Provisions** | | **3409879.70** |
| | **TOTAL LIABILITIES** | | **138130841.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 140000.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1256647.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 11679609.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 90238524.00 |
| 416000000 | Accumulated Depreciation | B-11(a) | -32060058.00 |
| | **Total Fixed Assets** | | **71254722.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 841814.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **841814.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 11617603.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 5582711.00 |
| 450000000 | Cash and Bank Balance | B-17 | 45917188.00 |
| 460000000 | Loans, Advances and Deposits | B-18 | 2916803.00 |
| 461000000 | Accumulated Provisions against | B-18(a) | 0.0 |

| | | | |
|---|---|---|---|
| | Loans,Advances and Deposits | | |
| | **Total Current Assets, Loans and Advances** | | **66034305.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **138130841.00** |

ഡെപ്യൂട്ടി ഡയറക്ടർ